ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നടന്ന ലാത്തിച്ചാർജും ടിയർഗ്യാസ് പ്രയോഗവും

740 [872] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 മേയ് 31 വരെ സംസ്ഥാനത്ത് എത്ര ലാത്തിച്ചാർജുകളും ടിയർഗ്യാസ് പ്രയോഗങ്ങളും നടന്നിട്ടുണ്ട്;

(ബി) ഇതിൻെറയെല്ലാം ഫലമായി മരണപ്പെട്ടവരെത്ര;

(സി) പരിക്കുപറ്റിയവരെത്ര?

ഉത്തരം

(എ) ഈ കാലയളവിൽ 14 ലാത്തിച്ചാർജുകളും 5 ടിയർഗ്യാസ് പ്രയോഗങ്ങളും നടന്നിട്ടുണ്ട്.

(ബി) ആരും മരണപ്പെട്ടിട്ടില്ല.

(സി) 372.

പത്തനാപുരത്തെ ലാത്തിച്ചാർജ്

741 [873] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഏതാനും ദിവസങ്ങൾക്കു മുൻപ് പത്തനാപുരത്ത് ഒരു യോഗത്തിൽ പ്രസംഗിച്ചപ്പോൾ പോലീസ് യാതൊരു പ്രകോപനവും കൂടാതെ ലാത്തിച്ചാർജ് നടത്തിയ വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തെപ്പറ്റി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേൽ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; എങ്കിൽ എന്തെല്ലാം നടപടിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനാപുരത്ത് ലാത്തിച്ചാർജ് നടത്തിയിട്ടില്ല.

(ബി) ഉണ്ട്.

(സി) അന്വേഷണത്തിൽ ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് തെളിഞ്ഞതിനാൽ നടപടിയെടുത്തിട്ടില്ല.

പത്രപ്രവർത്തകരെ മർദ്ദിച്ചതായി ആക്ഷേപം

742 [874] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പത്രലേഖകർക്കും ഫോട്ടോഗ്രാഫർമാർക്കും പോലീസ് മർദ്ദനമേറ്റിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly